(എഫ്) ബ്രിഡ്ജും അപ്രോച്ച് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന താൽക്കാലിക റോഡിന്റെ പണികൾക്കായി കരാറുകാരന് പ്രത്യേക തുക നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേക എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുമില്ല. ഈ വർഷം വെള്ളിയാങ്കല്ല് ഭാഗത്ത് കടത്തുതോണി ലേലം നടന്നിട്ടില്ലാത്തതിനാൽ തൃത്താല സ്കൂൾ അധികൃതരുടെയും പൊതുജനങ്ങളുടെയും അഭ്യർത്ഥനപ്രകാരം കാൽനടയ്ക്കും ലൈറ്റ് വാഹനങ്ങൾ കടന്നുപോകുന്നതിനും സൗകര്യമുണ്ടാക്കാനാണ് താൽക്കാലിക കണക്ഷൻ നിർമ്മിച്ചിട്ടുള്ളത്. നേരത്തെ ഉണ്ടാക്കിയ അപ്രോച്ച് റോഡ് ഇരുവശത്തും പാലവുമായി ബന്ധിപ്പിക്കാതെ നിർത്തിയിരിക്കുകയായിരുന്നു.

കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള ജലപാത നിർമ്മാണം

53 [3306] *ശ്രീ. കെ. പി. മോഹനൻ:*
,, *എ. സി. ഷൺമുഖദാസ്:*
,, *സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള ജലപാത നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; സംസ്ഥാന വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വർഷങ്ങൾക്കുമുൻപ് പൂർത്തീകരിച്ച കനോലി തോടും 1957 കാലഘട്ടത്തിൽ ആരംഭിച്ച മാഹി കനാലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇപ്പോൾ ഇതിന്റെ പ്രവൃത്തി എവിടെയെങ്കിലും നടക്കുന്നുണ്ടോ; ഇതുവരെയായി എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഡി) ഇല്ല. എന്നാൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത കേന്ദ്രസർക്കാർ ദേശീയ ജലപാത-III ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ദേശീയ ജലപാത കൊല്ലം മുതൽ തെക്ക് വിഴിഞ്ഞം വരെയും കോട്ടപ്പുറം മുതൽ വടക്ക് കാസർഗോഡ് വരെയും ദീർഘിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പലപ്പോഴായി കേന്ദ്രസർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ദേശീയ ജലപാതയുടെ വികസനം കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഉപകനാലുകളുടെ വികസനം സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിവരുന്നുണ്ട്. വർഷങ്ങൾക്കുമുൻപ് പൂർത്തീകരിച്ച കനോലി തോടിന്റെ സംരക്ഷണപണികൾ സംസ്ഥാനപദ്ധതിയിൽപ്പെടുത്തി നടത്തിവരുന്നു. കനോലി കനാലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒൻപതാം പദ്ധതിയിൽ 207.16 ലക്ഷം രൂപയും പത്താം പദ്ധതിയിൽ ഇതുവരെ 37.25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വാടാനപ്പള്ളി-എങ്ങണ്ടിയൂർ പഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണം

54 [3307] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിൽപ്പെട്ട വാടാനപ്പള്ളി-എങ്ങണ്ടിയൂർ പഞ്ചായത്തുകളിൽ തകർന്ന കടൽഭിത്തി പുനർ നിർമ്മാണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി വാടാനപ്പള്ളി പഞ്ചായത്തിൽ കടൽഭിത്തി നിർമ്മാണം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ദൂരം നിർമ്മിച്ചിട്ടുണ്ടെന്നും എന്തു തുക ചെലവ് വന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) സുനാമി ദുരന്തത്തെത്തുടർന്ന് തകർന്ന വാടാനപ്പള്ളി കടലോരം സംരക്ഷിക്കുന്നതിന് കടൽഭിത്തി നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) വാടാനപ്പള്ളി-എങ്ങണ്ടിയൂർ പഞ്ചായത്തുകളിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 522 മീറ്റർ നീളത്തിൽ കടൽഭിത്തി പുനർനിർമ്മിച്ചിട്ടുണ്ട്. കൂടാതെ, എങ്ങണ്ടിയൂർ പഞ്ചായത്തിൽ 1217 മീറ്റർ നീളത്തിലും വാടാനപ്പള്ളി പഞ്ചായത്തിൽ 1236 മീറ്റർ നീളത്തിലും കടൽഭിത്തിയുടെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഉണ്ട്. 300 മീറ്റർ നീളത്തിൽ ഇതിന് 46 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്.

(സി) വാടാനപ്പള്ളി കടലോരത്ത് 1700 മീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാനും 423 മീറ്റർ നീളത്തിൽ പുനർനിർമ്മാണം നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly